**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2508 — 06.12.2018-ലെ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് ക്ഷേമനിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.ഉബൈദുള്ള** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികതാരങ്ങൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | കായിക താരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;അറിയിക്കാമോ; | (ബി) | കായിക താരങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനവും സൗകര്യങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികളും (സ്പോർട്സ് ഹോസ്റ്റലുകൾ) ഗ്രാമീണ മേഖലയിൽ 13 റൂറൽ കോച്ചിംഗ് സെന്ററുകളും 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.<br>കായികതാരങ്ങൾക്ക് ഡി.എ, വാഷിംഗ് അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം തുടങ്ങിയവ അനുവദിച്ചു വരുന്നുണ്ട്.<br>കായിക താരങ്ങളെ ഏഷ്യൻ/കോമൺ വെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിലിന് കീഴിൽ അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി മലയാളി കായിക താരങ്ങൾക്ക് ഒളിമ്പിക്സിൽ മെഡൽ ലഭിക്കാൻ സാധ്യത കൂടുതലുള്ള കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു.<br>കായിക രംഗത്ത് പൊതുവേയും വ്യക്തിഗത ഇനങ്ങളിൽ പ്രത്യേകിച്ച് മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് ധനസഹായവും പ്രത്യേക ട്രെയിനിംഗും അസോസിയേഷനുകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായവും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കായിക താരങ്ങൾക്ക് പാരിതോഷികവും അവശരായ കായിക താരങ്ങൾക്ക് ധനസഹായവും പെൻഷനും നൽകി വരുന്നുണ്ട്. |
| (സി) | ക്ഷേമനിധി രൂപീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവശരായ കായിക താരങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (സി) | അവശത അനുഭവിക്കുന്ന കായിക താരങ്ങൾക്ക് അവശ കായികതാര പെൻഷൻ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ